പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 778 — 04/03/2020 ൽ മറുപടിക്ക്

**പ്രളയബാധിത പ്രദേശത്തെ കർഷകർക്കുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സഹായങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |

| | | | |
|---|---|---|---|
| (എ) | പ്രളയബാധിത പ്രദേശത്തെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **പ്രളയം 2018:-** പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡയറി ഡെവലെപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരളാഫീഡ്സ്, മറ്റു സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിയ്ക്കുകയുണ്ടായി. മൃഗ സംരക്ഷണ വകുപ്പ് വഴി നാഷണൽ ഡയറി ഡെവലെപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. തമിഴ് നാട് കോഴിവളർത്തൽ കർഷക സംഘം, നാഷണൽ എഗ്ഗ് കോർഡിനേഷൻ എന്നിവ യഥാക്രമം 1 ലക്ഷം, 10 ലക്ഷം മുട്ടകൾ വകുപ്പ് വഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2018 ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് |

| | | | |
|---|---|---|---|
| | | | ഇത് പ്രകാരം യൂണിറ്റ് ഒന്നിന് 59,400/- രൂപ പദ്ധതിയുടെ ധനസഹായമായി ലഭിയ്ക്കും. നവകേരള സൃഷ്ടി പ്രകാരം 77 കോടി രൂപയുടെ പുനരധിവാസ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ പശു വളർത്തൽ, കിടാരി പരിപാലനം , കന്നുകുട്ടി പരിപാലനം , പന്നി വളർത്തൽ, കോഴി വളർത്തൽ താറാവു വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്തു നിർമ്മാണം, എന്നിവ ഉൾപ്പെടുന്നു.<br><br>**പ്രളയം 2019:-** പ്രളയത്തിൽ അടിയന്തിര മൃഗചികത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ,കേരള ഫീഡ്സ് എന്നി സ്ഥാപങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019 ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നല്കാൻ ദുരന്തനിവാരണ ഫണ്ട് ലഭിയ്ക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| ബി) | ഇവ കൃത്യമായി അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | ബി) | മേൽ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് തന്നെ ലഭിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനം നിലവിലുണ്ട്. അപേക്ഷകൾ പ്രാദേശിക വെറ്ററിനറി സർജൻമാർ, തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ ജനപ്രതിനിധികൾ, ക്ഷീരവികസനവകുപ്പ്/ മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി സംയുക്തമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ